**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1480** **10-10-2024 - ൽ മറുപടിയ്ക്ക്**

**ചാക്കോച്ചിറ നിവാസികൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിലെ തൊറവ് വില്ലേജിൽ ഒരു നൂറ്റാണ്ടിലധികമായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും ചാക്കോച്ചിറ എന്ന സ്ഥലപ്പേര് ചിറ പുറമ്പോക്ക് എന്ന് രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് ഗ്രാമ പഞ്ചായത്ത് തൊറവ് വില്ലേജ് സർവ്വേ നമ്പർ 159 -ൽപ്പെട്ടതും ബി.ടി.ആർ പ്രകാരം ചാക്കോച്ചിറ പുറമ്പോക്ക് എന്ന് പതിഞ്ഞു വന്നിട്ടുള്ളതുമായ ഭൂമി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുനർ നിക്ഷിപ്തം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം കരട് വിജ്ഞാപനം 22.01.2024-ൽ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പ്രസ്തുത ഭൂമി തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും പുനർ നിക്ഷിപ്തം ചെയ്ത് ലഭിയ്ക്കുന്ന മുറയ്ക്ക് അർഹതയ്ക്ക് വിധേയമായി പട്ടയം നല്കാനുള്ള നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ